## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261 — 06.10.2016 -ൽ മറുപടിക്ക്

### ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എ.പി.അനിൽകുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലയളവിൽ എന്തെല്ലാംആശ്വാസങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃത ബോട്ടിലെ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കുംഅനുബന്ധത്തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി ഈ വർഷവും 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതവും ട്രോളിംഗ് നിരോധന കാലയളവിൽ നൽകി വരുന്നുണ്ട്. |
| (ബി) | ഇതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; | (ബി) | 1. സൗജന്യ റേഷൻ.<br>2. സമ്പാദ്യ - സമാശ്വാസ പദ്ധതി. |
| (സി) | പദ്ധതി നടപ്പിൽ വരുത്താൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട തീരദേശ ജില്ലകൾക്ക് നൽകുന്നു. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകിയതിനുള്ള ബില്ല് ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ചെലവായ തുക ജില്ലാ ഓഫീസർമാർ മാറി നൽകും. സമ്പാദ്യ ആശ്വാസ പദ്ധതി വിഹിതം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ബാങ്ക് മുഖേന ഡി.ബി.റ്റി. യിലൂടെ നൽകുന്നു. |

സെക്ഷൻ ഓഫീസർ